(സി) ജനങ്ങളുടെ യാത്രാക്ലേശവും ബുദ്ധിമുട്ടും പരമാവധി കുറയ്ക്കുക എന്ന ലക്ഷ്യം നേടുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് നിലവിൽ വില്ലേജ് ഓഫീസുകൾ ഇല്ലാത്ത 30 ഗ്രാമപഞ്ചായത്തുകളിൽ വില്ലേജുകൾ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

(ബി &സി) സംസ്ഥാനത്ത് ഒരു പഞ്ചായത്തിന് ഒരു വില്ലേജ് എന്ന രീതി നടപ്പിലാക്കുന്നതിലൂടെ ഒന്നിൽ കൂടുതൽ പഞ്ചായത്തുകളിൽ ഉൾപ്പെടുന്ന വില്ലേജുകളെയും പല പഞ്ചായത്തുകളിലായി കിടക്കുന്ന വില്ലേജ് ഓഫീസുകളെയും ഒരിടത്ത് പ്രവർത്തിപ്പിക്കുക എന്ന ഉദ്ദേശ്യലക്ഷ്യം കൈവരിക്കാൻ കഴിയുന്നതാണ്. കൂടാതെ ടി പദ്ധതി പ്രാവർത്തികമായി കൂടുതൽ വില്ലേജുകൾ നിലവിൽ വരുന്നതോടെ നാളിതുവരെ നിലവിലുണ്ടായിരുന്ന ഭരണപരമായ അസൗകര്യങ്ങളും ജനങ്ങളുടെ യാത്രാക്ലേശവും ഒഴിവാക്കി കൂടുതൽ കാര്യക്ഷമവും വേഗത്തിലുമുള്ളതുമായ സേവനം പ്രദാനം ചെയ്യുവാനും കഴിയുന്നതാണ്.

(ഡി) ഓരോ ഗ്രാമപഞ്ചായത്തിലും ഓരോ വില്ലേജ് എന്ന പദ്ധതി നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് വില്ലേജ് ഓഫീസുകൾ ഇല്ലാത്ത 30 ഗ്രാമപഞ്ചായത്തുകളിൽ വില്ലേജുകൾ രൂപീകരിച്ചും, ടി വില്ലേജുകളിലേയ്ക്ക് നിലവിലുള്ള സ്റ്റാഫ് പാറ്റേൺ പ്രകാരം തസ്തിക സൃഷ്ടിച്ചും പുതുതായി രൂപീകരിച്ച 30 വില്ലേജുകളിൽ 28 വില്ലേജുകളുടെ വിജ്ഞാപനം പുറപ്പെടുവിക്കുകയും ബാക്കി 2 വില്ലേജുകളുടെ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

റിവർമാനേജ്മെന്റ് ഫണ്ട്

135(3057) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റിവർ മാനേജ്മെന്റ് ഫണ്ടിൽനിന്നും (RMF) മലപ്പുറം ജില്ലയിൽ 2012-13, 2013-14 വർഷങ്ങളിലും 2014 ഡിസംബർവരെയും വിവിധ പദ്ധതികൾക്കായി എന്ത് തുക ചെലവഴിച്ചു എന്നു വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത് ഏതെല്ലാം മണ്ഡലങ്ങളിൽ താലൂക്കുകളിൽ എത്ര വീതം ചെലവഴിച്ചു എന്ന് അറിയിക്കാമോ ;

(സി) പൊന്നാനി മണ്ഡലത്തിൽ RMF ഉപയോഗിച്ച് 2011 ഏപ്രിൽ മുതൽ ഏതെല്ലാം പ്രവൃത്തികളാണ് നടത്തിയിട്ടുള്ളത് ; അതിന് എത്ര തുക ചെലവഴിച്ചു എന്ന് വിശദമാക്കാമോ ;

(ഡി) ഭാരതപ്പുഴയും കാഞ്ഞിരമുക്ക് പുഴയും ബിയും കായലും PC കനാലും കടന്നുപോകുന്ന മണ്ഡലത്തിൽ ഈ ഫണ്ടിൽനിന്നും പുഴയോരം കെട്ടി സംരക്ഷിക്കുന്നതിന് ഫണ്ട് അനുവദിക്കാമോ ; വിശദമാക്കാമോ ?

ഉത്തരം

(എ)

2012-13	38,15,380
2013-14	63,68,560
2014 ഡിസംബർ വരെ	99,20,064

(ബി)

ഏറനാട്	15,89,208
മങ്കട	14,60,138
മലപ്പുറം	2,50,028
കോട്ടക്കൽ	13,44,576
നിലമ്പൂർ	1,09,70,063
വേങ്ങര	44,90,001

(സി) നടപ്പാക്കിയിട്ടില്ല.

(ഡി) പ്രൊപ്പോസൽ ജില്ലാ വിദഗ്ദ്ധ സമിതി അംഗീകരിച്ച് എസ്റ്റിമേറ്റ് സഹിതം സർക്കാരിൽ ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly